**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3243** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ കാലാങ്കി എകാധ്യാപക വിദ്യാലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ കാലാങ്കി എകാധ്യാപക വിദ്യാലയത്തിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | ഇരിക്കൂർ സബ് ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്ന ഏക ഏകാദ്ധ്യാപക വിദ്യാലയമാണ് കാലാങ്കി എം ജി എൽ സി . കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഈ എം ജി എൽ സി പ്രവർത്തിച്ചുവരുന്നത് . ആകെ 12 കുട്ടികൾ ഇവിടെ പഠിക്കുന്നു. 3 വിദ്യാവോളന്റിയർമാർ ഇവിടെ ജോലി ചെയ്തുവരുന്നു. കാലാങ്കി പള്ളിയുടെ കെട്ടിടത്തിലാണ് ടി വിദ്യാലയം പ്രവർത്തിച്ചുവരുന്നത് . |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മറ്റ് എകാധ്യാപക വിദ്യാലയങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | മലപ്പുറം, കോഴിക്കോട് ,കാസർഗോഡ്,കണ്ണൂർ, പാലക്കാട് ഇടുക്കി എന്നീ ജില്ലകളിലായി 12 എം ജി എൽ സി കൾ നിലവിൽ പ്രവർത്തിച്ചുവരുന്നു . കണ്ണൂർ ജില്ലയിൽ കാലാങ്കി എം ജി എൽ സി കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രവർത്തനം തുടരുന്നു. പാലക്കാട് ശിങ്കപ്പാറ എം ജി എൽ സി 2 കുട്ടികളോടുകൂടി പ്രവർത്തിച്ചുവരുന്നു.മലപ്പുറം ജില്ലയിൽ ചെമ്പ്ര -(5 കുട്ടികൾ) , അരിമംഗലം -(14 കുട്ടികൾ),മഞ്ഞൾപ്പാറ(അടഞ്ഞുകിടക്കുന്നു), അരിമണൽ-(36 കുട്ടികൾ) , തരിക്കുളം -(52 കുട്ടികൾ) , മേൽമുറി-(48 കുട്ടികൾ), കാളംതിരുത്തി -(41 കുട്ടികൾ) എന്നിങ്ങനെ 7 എം ജി എൽ സി കൾ പ്രവർത്തിക്കുന്നു. ഇതിൽ ചെമ്പ്ര സർക്കാർ ഉത്തരവിന്റെയും ബാക്കിയുള്ളവ കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. കാസറഗോഡ് ജില്ലയിൽ ആളൂർ എം ജി എൽ സി 31 കുട്ടികളോട് കൂടി പ്രവർത്തിച്ച് വരുന്നു . ഇടുക്കി ജില്ലയിൽ കുറത്തിക്കുടി , (32 കുട്ടികൾ ) പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ ചൂരത്തോട് എം ജി എൽ സി ( 1 കുട്ടി ) നിലവിൽ പ്രവർത്തിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ